# കാൻസർ

കോട്ടയം: ജനുവരി 9 ഞായറാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 5 മണിവരെ തിരുനക്കര ക്ഷേത്രത്തിനു സമീപം ഉള്ള ശ്രീരംഗം ഹാളിൽ കാൻസർ എന്തുകൊണ്ട്? പോംവഴി എന്ത്? എന്ന വിഷയത്തിൽ സെമിനാർ നടക്കുന്നു. വിവിധ ചികിത്സാ ശാസ്ത്രങ്ങളിൽനിന്നുമുള്ള പ്രഗത്ഭർ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

വികസിത രാജ്യങ്ങൾ കോടിക്കണക്കിന് ഡോളറാണ് കാൻസറിനെപ്പറ്റിയുള്ള പഠനങ്ങൾക്കും ഗവേഷണങ്ങൾക്കും വേണ്ടി ചെലവാക്കിക്കൊണ്ടിരിക്കുന്നത്. ഈ രോഗം എന്തുകൊണ്ട് എന്നും വന്നാൽ എങ്ങനെ രോഗമുക്തിനേടാമെന്നുമുള്ള ഗവേഷണപഠനങ്ങൾ ഇന്നുവരെ ലക്ഷ്യത്തിലെത്തിയിട്ടുമില്ല. ഈ രോഗം വരാതിരിക്കാൻ എന്തുവഴി എന്നാലോചിക്കുന്നത് കുറച്ചുകൂടി ഉചിതമായിരിക്കും. ഇതിന് ഇന്ന് നിലവിലുള്ള സകലചികിത്സാവിഭാഗങ്ങളുടെയും കൂട്ടായ പ്രവർത്തനവും സമീപനവും ആവശ്യമാണ്. ക്ലിനിക്കുകളുടെയും ഗവേഷണശാലകളുടെയും മതിലുകൾക്ക് പുറത്ത് ഈ ദുരന്തത്തിനെതിരെ വിവിധ ചികിത്സാ ശാസ്ത്രങ്ങളുടെ ഒരു ജനകീയ സമന്വയം ഉണ്ടായാൽ മാത്രമേ ഭാവിതലമുറയെ ഈ വിപത്തിൽനിന്നും രക്ഷിക്കുവാൻ സാധിക്കുകയുള്ളു. അതിനു സഹായിക്കുന്ന ഒരുവേദി എന്ന ഉദ്ദേശത്തോടെയാണ് കോട്ടയം പ്രകൃതി ജീവനസമിതി ഈ സമഗ്രപഠന സെമിനാർ സംഘടിപ്പിക്കുന്നത്.

കാൻസറിന്റെ കാര്യകാരണങ്ങളെക്കുറിച്ചും ചികിത്സാവിധികളെപ്പറ്റിയും വിവിധ ശാസ്ത്രശാഖകളിൽ അറിവും അനുഭവവും ഉള്ള വിദഗ്ധർ ആണ് സെമിനാർ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നത്. ഡോക്ടർ സി.പി.മാത്യു (റിട്ടയേഡ് മെഡിക്കൽ സൂപ്രണ്ട് അലോപ്പതി) ഡോക്ടർ എം.നടരാജൻ (സീനിയർ ആയുർവേദ മെഡിക്കൽ ആഫീസർ) ഡോക്ടർ ജോർജ് ഡേവിഡ് (മാക്രോബയോട്ടിക്സ്) ശ്രീ എം.കുര്യൻ (പ്രകൃതി ജീവിതം) ഡോ. ടി.കെ.അലക്സാണ്ടർ, (ഹോമിയോ) തുടങ്ങിയവരുടെ പ്രബന്ധങ്ങളും ഡോക്ടർ എ.എസ്.ആർ.ബാബു നല്കുന്ന സംശയങ്ങൾക്ക് മറുപടിയും അവലോകന പ്രഭാഷണവും ആണ് സെമിനാറിലെ മുഖ്യ പരിപാടികൾ.

സെമിനാറിൽ ആർക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ഫീസ് 30 രൂപ. അയ്യപ്പസേവാസംഘം ഓഫീസ്, പുളിമൂട് കവലയിലുള്ള ചന്ദ്ര ഏജൻസീസ്, കല്ലുപാലം ബിൽഡിംഗിലുള്ള ക്രിയേറ്റീവ് മൈൻഡ്, മാർക്കറ്റ് ലാൻഡിലെ എൻ.ഗോവിന്ദപ്പിള്ള ആൻഡ് കമ്പിനി എന്നിവിടങ്ങളിൽ പേരു രജിസ്റ്റർ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക് 0481 – 563379, 430839, 821484, 568796, 561966 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടണം.